# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ജൂലൈ 13

JULY 13

2018

*1193 മിഥുനം 28 വെള്ളി*

# പത്രക്കുറിപ്പ്



www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657


**ജീറിയാട്രിക് ഹോംനഴ്സ്**

വയോജനങ്ങൾക്കായി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഹർഷം പദ്ധതിയിലേക്ക് ജീറിയാട്രിക് ഹോംനഴ്സ് വാളണ്ടിയറായി പ്രവർത്തിക്കാൻ താത്പര്യമുള്ളവർക്ക് പരിശീലനം നൽകുന്നു. എസ്എസ്എൽസി പാസായവരും 45വയസിന് താഴെ പ്രായമുള്ളവരുമായിരിക്കണം അപേക്ഷകർ. കുടുംബശ്രീ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും (സ്ത്രീ/പുരുഷൻ) അപേക്ഷിക്കാം. താത്പര്യമുള്ളവർ ഈ മാസം 18നകം കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ അപേക്ഷിക്കണം. ഫോൺ: 0468 2221807, 9188112605.

(പിഎൻപി 1905/18)

**വിദ്യാഭ്യാസ ധനസഹായം**

വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് 2018-19 അധ്യയന വർഷം വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നതിന് വനിതാ ശിശുവികസന വകുപ്പ് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരം ബ്ലോക്ക് ശിശു വികസന പദ്ധതി ഓഫീസുകളിൽ ലഭിക്കും. ഫോൺ: 0468 2224130.

(പിഎൻപി 1906/18)

## വസ്തു ലേലം

അങ്ങാടിക്കൽ വില്ലേജിൽ ബ്ലോക്ക് 23ൽ റീസർവെ 173/16ൽ 15.60 ആർ പുരയിടത്തിൽ ഉൾപ്പെട്ടുവരുന്ന 10.34 ആർ പുരയിടം ജൂലൈ 25ന് രാവിലെ 11ന് അങ്ങാടിക്കൽ വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. ഫോൺ: 8547611215.

(പിഎൻപി 1907/18)

## ഐഎച്ച്ആർഡി കോളേജിൽ പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കാർത്തികപ്പള്ളി കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ (ഐഎച്ച്ആർഡി) ബിസിഎ, ബിബിഎ, ബി.എസ്.സി കംപ്യൂട്ടർ സയൻസ്, ബി.കോം കംപ്യൂട്ടർ ആപ്ലിക്കേഷൻസ് തുടങ്ങിയ കോഴ്സുകളിലേക്ക് 2018ലെ സേ പരീക്ഷ വിജയിച്ചവർക്ക് ഒന്നാം വർഷ ബിരുദ പ്രവേശനത്തിനായി ഈ മാസം 16ന് രാവിലെ 10 വരെ ഓൺലൈൻ വഴി (admissions.keralauniversity.ac.in) രജിസ്റ്റർ ചെയ്യാം. ഓൺലൈൻ വഴി ഫീസ് അടയ്ക്കാമെന്നതിനാൽ ബാങ്ക് സമയം കഴിഞ്ഞും അവധി ദിവസങ്ങളിലും രജിസ്ട്രേഷൻ നടത്താം. നേരത്തേ അപേക്ഷിച്ചിട്ടുള്ളവർക്ക് തിരുത്തൽ വരുത്തുന്നതിനും അവസരമുണ്ട്. ഫോൺ: 0479 2485370, 2485852, 8547005018.

(പിഎൻപി 1908/18)

## പഞ്ചായത്ത് ഓഫീസ് സേവനങ്ങൾ ഒരു വർഷത്തിനകം ഓൺലൈനാക്കും: മന്ത്രി കെ ടി ജലീൽ

പഞ്ചായത്ത് ഓഫീസ് സേവനങ്ങൾ ഒരു വർഷത്തിനകം പൂർണമായും ഓൺലൈനായി ലഭ്യമാക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ ടി ജലീൽ പറഞ്ഞു. ഒരു സർട്ടിഫിക്കറ്റിനായി ഇനി പഞ്ചായത്ത് ഓഫീസുകൾ കയറി ഇറങ്ങേണ്ടതില്ല. അക്ഷയ കേന്ദ്രങ്ങൾ വഴി വളരെ വേഗം അപേക്ഷ നൽകാനും സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും സാധിക്കുമെന്ന് മന്ത്രി പറഞ്ഞു. കൊടുമൺ മാർക്കറ്റിന്റെ നവീകരണ പ്രവർത്തനങ്ങളുടെയും നവീകരിച്ച സാംസ്കാരിക നിലയത്തിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

കെട്ടിടങ്ങളുടെ പെർമിറ്റ് ഓൺലൈനായി നൽകുന്ന സംവിധാനം കോഴിക്കോട് ജില്ലയിൽ വിജയകരമായി നടപ്പിലാക്കി. ഇത് ഉടൻ തന്നെ സംസ്ഥാനവ്യാപകമാക്കും. പുതുതായി സാമൂഹിക സുരക്ഷാ പെൻഷനുകൾക്കുള്ള അപേക്ഷ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കും. അനർഹർ ആനുകൂല്യം കൈപ്പറ്റാതിരിക്കാതിരിക്കാൻ പ്രത്യേക ജാഗ്രത വേണം. നികുതി കുടിശിക പിരിക്കുന്നതിലും പദ്ധതി നിർവഹണത്തിലും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും കൂടുതൽ ശ്രദ്ധയുണ്ടാവണം.

വികസനത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. വർഷങ്ങളായി മുടങ്ങിക്കിടന്ന പാചക വാതക പൈപ്പ് ലൈൻ സ്ഥാപനം, ദേശീയ പാതയുടെ സ്ഥലമെടുപ്പ് എന്നിവയിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ സർക്കാർ സ്വീകരിക്കുന്ന നിലപാട് അതിന് ഉദാഹരണമാണ്. ആരുടെയും ദുഷ്പ്രചാരണങ്ങളിൽ സർക്കാരിന്റെ ആർജവം ചോർന്നുപോകില്ലെന്നും മന്ത്രി പറഞ്ഞു.

ചിറ്റയം ഗോപകുമാർ എംഎൽഎ അധ്യക്ഷത വഹിച്ചു. വികസന പ്രവർത്തനങ്ങൾക്ക് കക്ഷിരാഷ്ട്രീയം തടസ്സമാകരുതെന്നും ഉദ്യോഗസ്ഥരുടെയും ജനങ്ങളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ വികസനം സാധ്യമാവൂ എന്നും എം എൽ എ പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി, ജില്ലാപഞ്ചായത്ത് അംഗം ആർ ബി രാജീവ് കുമാർ, കൊടുമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞന്നാമ്മകുഞ്ഞ്, തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളായ എലിസബത്ത് അബു, ബി സതികുമാരി, എം ആർ എസ് ഉണ്ണിത്താൻ, സി പ്രകാശ്, ബീനാപ്രഭ, ശാരദ, എൻ കെ ഉദയകുമാർ, ലളിത രവീന്ദ്രൻ,

കൊടുമൺ പഞ്ചായത്ത് സെക്രട്ടറി ജോഷ്വ ജേക്കബ്, സി പി ഐ ജില്ലാ സെക്രട്ടറി എ പി ജയൻ തുടങ്ങിയവർ സംസാരിച്ചു. (പിഎൻപി 1909/18)

## അടൂർ എൻജിനീയറിംഗ് കോളേജിൽ എൻആർഐ സീറ്റ് ഒഴിവ്

ഐഎച്ച്ആർഡിയുടെ കീഴിൽ പ്രവർത്തിക്കുന്ന അടൂർ എഞ്ചിനീയറിംഗ് കോളേജിൽ ബി.ടെക് എൻ.ആർ.ഐ.സീറ്റിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താല്പര്യമുള്ളവർ ഈ മാസം 16ന് രാവിലെ 10ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളജിൽ എത്തണം. വിശദ വിവരങ്ങൾക്ക് 04734231995/ 230640 എന്നീ നമ്പരുകളിൽ ബന്ധപ്പെടുകയോ, കോളജ് വെബ്സൈറ്റായ www.ceadoor.ihrd.ac.in സന്ദർശിക്കുകയോ ചെയ്യുക. (പിഎൻപി 1910/18)

## തൊഴിൽരഹിത വേതന വിതരണം

പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ നിന്നും തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവർ ഈ മാസം 18ന് എസ്എസ്എൽസി ബുക്ക്, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ്, റേഷൻ കാർഡ് റ്റി.സി, ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക്, തൊഴിൽരഹിത വേതന വിതരണ കാർഡ് എന്നിവയുടെ അസലും പകർപ്പും സഹിതം ഹാജരായി വേതനം കൈപ്പറ്റണമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 1911/18)

## ഡിഫൻസ് പെൻഷൻ അദാലത്ത്

ഡിപിഡിഒയിൽ നിന്നോ ബാങ്കിൽ നിന്നോ നേരിട്ട് പെൻഷൻ വാങ്ങുന്ന എല്ലാ ഡിഫൻസ് പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും വേണ്ടി എല്ലാ മാസവും അവസാന പ്രവൃത്തി ദിവസം പത്തനംതിട്ട ഡിപിഡിഒയിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ മിനി പെൻഷൻ അദാലത്ത് നടത്തും. ശനി, ഞായർ ദിവസങ്ങളിൽ അവധിയായിരിക്കും. പെൻഷൻ സംബന്ധമായ പരാതികൾ അദാലത്തിൽ നേരിട്ടോ തപാൽ വഴിയോ ഇ-മെയിൽ (mpadpdopta@gmail.com) വഴിയോ നൽകാം. ഡിസ്ചാർജ് ബുക്ക്, പെൻഷൻ ബുക്കിന്റെ ആദ്യ പേജ്, പിപിഒ/കോർ പിപിഒ, പെൻഷനുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ, അപ്ഡേറ്റ് ചെയ്ത ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ കൂടി അപേക്ഷയോടൊപ്പം ഹാജരാക്കണം. അപേക്ഷാഫോറം പത്തനംതിട്ട ഡിപിഡിഒ ഓഫീസ്, ജില്ലാ സൈനിക ക്ഷേമ ബോർഡ്, ഇസിഎച്ച്എസ്, ജില്ലാ ഇൻഫർമേഷൻ ഓഫീസ് എന്നിവിടങ്ങളിൽ ലഭിക്കും. ഫോൺ: 0468 2325444, 2220241.

(പിഎൻപി 1912/18)

## ജാഗ്രത

മൂഴിയാർ ഡാമിന്റെ വൃഷ്ടി പ്രദേശത്ത് കനത്തമഴ തുടരുന്നതിനാലും മൂഴിയാർ, കക്കാട് എന്നീ ജലവൈദ്യുത നിലയങ്ങളിൽ ഉൽപാദനത്തിൽ വ്യതിയാനം നിലനിൽക്കുന്നതിനാലും മൂഴിയാർ സംഭരണിയിലെ ജലനിരപ്പ് പൊടുന്നനെ ഉയരാനും താഴാനുമുള്ള സാഹചര്യം നിലനിൽക്കുന്നു. ഇതിനാൽ മുൻകരുതൽ നിർദ്ദേശങ്ങൾ കൂടാതെ തന്നെ ഡാം ഷട്ടറുകൾ തുറക്കുവാനും അടയ്ക്കുവാനും സാധ്യതയുണ്ട്.

കക്കാട്ടാറിൽ ജലനിരപ്പ് പ്രതീക്ഷിക്കാതെ ഉയരാനും താഴാനും സാധ്യതയുള്ളതിനാൽ മൂഴിയാർ മുതൽ സീതത്തോട് വരെയുള്ള ഭാഗങ്ങളിൽ

കക്കാട്ടാറിന്റെ തീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. (പിഎൻപി 1913/18)

## സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് മൊബൈൽ നമ്പർ അനുവദിച്ചു

സിവിൽ സപ്ലൈസ് വകുപ്പിലെ സമ്പൂർണ കംപ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി ജില്ലയിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽക്കുള്ള വിവിധ ഉദ്യോഗസ്ഥർക്ക് ബിഎസ്എൻഎൽ മൊബൈൽ നമ്പർ അനുവദിച്ചു. സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിലും അതത് റേഷൻ കടകളിലും നമ്പർ ലഭ്യമാണ്.

ഫോൺ നമ്പർ: ജില്ലാ സപ്ലൈ ഓഫീസർ - 9188527317, താലൂക്ക് സപ്ലൈ ഓഫീസർ കോഴഞ്ചേരി- 9188527347, എറ്റിഎസ്ഒ കോഴഞ്ചേരി- 9188527437, ആർഐ പത്തനംതിട്ട - 9188527603, ആർഐ ഇലന്തൂർ- 9188527604, ആർഐ ആറന്മുള- 9188527605, താലൂക്ക് സപ്ലൈ ഓഫീസർ തിരുവല്ല - 9188527350, എറ്റിഎസ്ഒ തിരുവല്ല - 9188527440, ആർഐ തിരുവല്ല ററൗൺ- 9188527613, ആർഐ പുളിക്കീഴ്- 9188527614, ആർഐ കോയിപ്രം- 9188527615, താലൂക്ക് സപ്ലൈ ഓഫീസർ അടൂർ- 9188527346, എറ്റിഎസ്ഒ അടൂർ- 9188527436, ആർഐ അടൂർ- 9188527599, ആർഐ എനാദിമംഗലം- 9188527600, ആർഐ കടമ്പനാട് - 9188527601, ആർഐ പന്തളം- 9188527602, റ്റിഎസ്ഒ റാന്നി- 9188527348, എറ്റിഎസ്ഒ റാന്നി- 9188527438, ആർഐ പഴവങ്ങാടി- 9188527606, ആർഐ റാന്നി- 9188527607, ആർഐ പെരുനാട്- 9188527608, ആർഐ അത്തിക്കയം- 9188527609, റ്റിഎസ്ഒ മല്ലപ്പള്ളി- 9188527351, എറ്റിഎസ്ഒ മല്ലപ്പള്ളി- 9188527441, ആർഐ മല്ലപ്പള്ളി- 9188527616, ആർഐ എഴുമറ്റൂർ - 9188527617, റ്റിഎസ്ഒ കോന്നി- 9188527349, എറ്റിഎസ്ഒ കോന്നി- 9188527439, ആർഐ പ്രമാടം- 9188527610, ആർ ഐ കോന്നി- 9188527611, ആർഐ ചിറ്റാർ- 9188527612.

(പിഎൻപി 1914/18)




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ജൂലൈ 13

JULY 13

2018

*1193 മിഥുനം 28 വെള്ളി*

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

## കൗൺസിലിംഗ്

ചെന്നീർക്കര ഗവൺമെന്റ് ഐടിഐയിൽ അഡ്മിഷനുമായി ബന്ധപ്പെട്ട് പെൺകുട്ടികൾ, പട്ടികവർഗം, ലാറ്റിൻ കത്തോലിക്കർ, ഭിന്നശേഷിക്കാർ, അനാഥർ, സ്കൗട്ട് വിഭാഗത്തിൽപ്പെട്ടവർ, ജനറൽ വിഭാഗം (ഇൻഡക്സ് മാർക്ക് 200), പട്ടികജാതി, പിന്നാക്ക ക്രിസ്ത്യൻ വിഭാഗം (190), ഈഴവ, പിന്നാക്ക ഹിന്ദു വിഭാഗം (190), മുസ്ലിം (165) വിഭാഗങ്ങളിൽപ്പെട്ടവർ ഈ മാസം 16ന് രാവിലെ ഒമ്പതിന് നടക്കുന്ന കൗൺസിലിംഗിൽ പങ്കെടുക്കണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. കൗൺസിലിംഗിൽ പങ്കെടുക്കാത്തവരെ പിന്നീട് പരിഗണിക്കില്ല. ഫോൺ: 0468 2258710.

(പിഎൻപി 1915/18)

## ട്രേഡ്സ്മാൻ ഒഴിവ്

അടൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ ജനറൽ വർക്ഷോപ്പ് ട്രേഡ്സ്മാൻ ഇൻ ഹൈഡ്രോളിക്സിലെ ഒരു ഒഴിവിലേക്ക് ഈ മാസം 23ന് രാവിലെ 11ന് ഇന്റർവ്യൂ നടത്തും. ഐറ്റിഐ/തത്തുല്യ യോഗ്യതയുണ്ടായിരിക്കണം. മെക്കാനിക്കൽ എൻജിനീയറിംഗിൽ ഡിപ്ലോമയുള്ളവർക്കും അപേക്ഷിക്കാം. പ്രവൃത്തിപരിചയമുള്ളവർക്ക് വെയിറ്റേജ് ലഭിക്കും. ഫോൺ: 04734 231776.

(പിഎൻപി 1916/18)

## എംബിഎ കോളജ് നിർമാണോദ്ഘാടനം 17ന്

കോന്നി സിഎഫ്ആർഡിയിൽ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ ആരംഭിക്കുന്ന എംബിഎ (ഫുഡ് ബിസിനസ് മാനേജ്മെന്റ്) കോളജിന്റെ നിർമാണോദ്ഘാടനം 17ന് രാവിലെ 11ന് പെരിഞ്ഞൊട്ടയ്ക്കൽ സിഎഫ്ആർഡി ആസ്ഥാനത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി പി.തിലോത്തമൻ നിർവഹിക്കും. അടൂർ പ്രകാശ് എംഎൽഎ അധ്യക്ഷത വഹിക്കും. ആന്റോ ആന്റണി എംപി മുഖ്യാതിഥിയായിരിക്കും. സിഎഫ്ആർഡി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എം.എസ്.ജയ, ഹൗസിംഗ് ബോർഡ് ചെയർമാൻ പി.പ്രസാദ്, കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, കോന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇൻചാർജ് പ്രവീൺ പ്ലാവിളയിൽ, ജില്ലാ പഞ്ചായത്തംഗം ബിനിലാൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം മിനി വിനോദ്, ഗ്രാമപഞ്ചായത്ത് അംഗം കെ.ജി.മാത്യു പാറപ്പള്ളിൽ, ഡയറക്ടർ ഇൻചാർജ് റ്റി.എസ്.ശശിധരൻ നായർ, വിവിധരാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

ഭക്ഷ്യസംസ്കരണ രംഗത്ത് നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിച്ച് എടുക്കുന്നതിന് തദ്ദേശീയമായി ഉത്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കളിൽ നിന്നും മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കുന്നതിനും ആവശ്യമായ സാങ്കേതിക വിദ്യകൾ വികസിപ്പിച്ച് എടുക്കുന്ന സ്ഥാപനമാണ് ഭക്ഷ്യപൊതുവിതരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കോന്നിയിലെ സിഎഫ്ആർഡി. ഭക്ഷ്യസംസ്കരണ രംഗത്ത് പ്രവർത്തിക്കുന്നവർക്കും താത്പര്യമുള്ളവർക്കും ഇവിടെ പരിശീലനം നൽകുന്നുണ്ട്. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുന്നതിന് അന്തർദേശീയ നിലവാരമുള്ള ലബോറട്ടറി ഇവിടെയുണ്ട്. തദ്ദേശീയ ഭക്ഷ്യസംസ്കരണ സാങ്കേതിക വിദ്യ പഠിപ്പിക്കുന്ന (ബി.എസ്.സി, എം.എസ്.സി കോഴ്സുകൾ) കോളജും ഇവിടെയുണ്ട്. സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനൊപ്പം ഇവ ഉപയോഗപ്പെടുത്തി പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാനും അതുവഴി കക്ഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനും കഴിയണമെങ്കിൽ ഭക്ഷ്യസംസ്കരണ-ഉത്പാദന രംഗത്ത് പുതിയ സംരംഭകർ ഉണ്ടാകേണ്ടതുണ്ട്. ഭക്ഷ്യബിസിനസിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ അഭാവം നിലവിലുണ്ട്. ഈ സാഹചര്യം വിലയിരുത്തിയാണ് സിഎഫ്ആർഡി ഫുഡ് ബിസിനസ് മാനേജ്മെന്റ് കോളജ് ആരംഭിക്കുന്നത്. (പിഎൻപി 1917/18)

## പനി: 416 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (13) 416 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയതായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു. അടൂർ, ഏറത്ത് എന്നിവിടങ്ങളിൽ രണ്ട് പേർക്ക് ഹെപ്പറ്റൈറ്റിസ് എയും കൊക്കാത്തോട്ടിൽ ഒരാൾക്ക് ഹെപ്പറ്റൈറ്റിസ് ബിയും സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 65 പേർ ചികിത്സ തേടി.

(പിഎൻപി 1918/18)

## ബോധവത്ക്കരണം

പുതുതായി മത്സ്യകൃഷി ആരംഭിക്കാൻ താത്പര്യമുള്ളവർക്കായി നൂതന കൃഷി രീതികളെക്കുറിച്ചുള്ള ഏകദിന ബോധവത്ക്കരണ പരിപാടി 16ന് രാവിലെ 10ന് റാന്നി ബ്ലോക്ക് പഞ്ചായത്ത് ഓഫിസിൽ നടക്കുമെന്ന് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

(പിഎൻപി 1919/18)

## പദ്ധതി തുക വിനിയോഗത്തിൽ ജില്ല സ്വപ്നനേട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മന്ത്രിയുടെ അഭിനന്ദനം

പദ്ധതി തുക വിനിയോഗത്തിൽ 20 ശതമാനത്തിലധികം പുരോഗതി കൈവരിച്ച് സംസ്ഥാന ത്തെ മറ്റ് ജില്ലകൾക്ക് മാതൃകയായതിന് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ തദ്ദേശഭരണ

വകുപ്പ് മന്ത്രി കെ.ടി.ജലീൽ പ്രത്യേകം അഭിനന്ദിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക വിനിയോഗം വിലയിരുത്തുന്നതിന് തിരുവല്ല ബോധനയിൽ നടന്ന അവലോകന യോഗത്തിലാണ് ജില്ലയുടെ നേട്ടത്തെ മന്ത്രി അഭിനന്ദിച്ചത്. ജൂലൈ 13 വരെ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തുകവിനിയോഗം 20.24 ശതമാനമാണ്. ഇത് സംസ്ഥാനത്തെ ഏറ്റവും കൂടിയ തുക വിനിയോഗമാണ്. തൊട്ടുപിന്നിലുള്ള മലപ്പുറത്തിന്റെ തുക വിനിയോഗം 13.87 ശതമാനം മാത്രമാണ്. മറ്റെല്ലാ ജില്ലകളുടെയും തുക വിനിയോഗം 13.5 ശതമാനത്തിൽ താഴെയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനം മെച്ചപ്പെട്ടതിന്റെ തെളിവാണ് ഈ നേട്ടമെന്ന് മന്ത്രി പറഞ്ഞു. മികവുറ്റ പ്രവർത്തനം നടത്തുന്ന ജീവനക്കാർക്ക് അംഗീകാരം നൽകും. തുടർച്ചയായി ഇത്തരം ബഹുമതികൾ കൈവരിക്കുന്നവർക്ക് സദ്സേവന പുരസ്കാരം നൽകുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഇക്കാര്യത്തിൽ താമസിയാതെ തീരുമാനമെടുക്കും. ആത്മാർഥമായി ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ അംഗീകരിക്കുന്ന സമീപനമായിരിക്കും സർക്കാർ സ്വീകരിക്കുകയെന്നും മന്ത്രി പറഞ്ഞു.

പദ്ധതി തുക വിനിയോഗത്തിൽ ഏറ്റവും മുൻപന്തിയിൽ എത്തിയ തുമ്പമൺ(29.73), നെടുമ്പ്രം (29.61) ഗ്രാമപഞ്ചായത്തുകളെയും റാന്നി ബ്ലോക്ക് പഞ്ചായത്തിനെയും (32.30) പന്തളം നഗരസഭയെയും (26.46) പത്തനംതിട്ട ജില്ലാ പഞ്ചായത്തിനെയും (28.99) മന്ത്രി പ്രത്യേകം അഭിനന്ദിച്ചു. തുക വിനിയോഗത്തിൽ പുരോഗതി കൈവരിക്കുന്നതിന് ഉദ്യോഗസ്ഥരോടൊപ്പം ഭരണസമിതികളും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തണമെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകളിൽ തുക വിനിയോഗത്തിൽ 28.99 ശതമാനം നേട്ടം കൈവരിച്ച് സംസ്ഥാനത്ത് ഒന്നാമതെത്തിയ പത്തനംതിട്ട ജില്ലാ പഞ്ചായത്തും ഒന്നാം ഗഡുവായി നൽകിയ 33 ശതമാനം തുകയും ചെലവഴിച്ച റാന്നി ബ്ലോക്ക് പഞ്ചായത്തും പ്രത്യേക അഭിനന്ദനം അർഹിക്കുന്നതായും മന്ത്രി പറഞ്ഞു.

ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തുകവിനിയോഗം 16.29 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകളുടേത് 23.07 ശതമാനവും നഗരസഭകളുടേത് 23.12 ശതമാനവും ജില്ലാപഞ്ചായത്തിന്റേത് 28.99 ശതമാനവുമാണ്. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ സാമ്പത്തിക വർഷം ആകെ ഏറ്റെടുത്തിട്ടുള്ളത് 10414 പ്രോജക്ടുകളാണ്. ഇതിൽ 6824 പദ്ധതികളുടെ വെറ്റിംഗ് പൂർത്തിയായി. 3066 പ്രോജക്ടുകളുടെ നിർവഹണം ആരംഭിച്ചു. ലൈഫ് മിഷൻ പദ്ധതിയിൻകീഴിൽ ജില്ലയിൽ പൂർത്തീകരിക്കാനുണ്ടായിരുന്നത് 2083 വീടുകളായിരുന്നു. ഇതിൽ 1886 വീടുകൾ പൂർത്തിയാക്കി. ജില്ലയിലെ 53 ഗ്രാമപഞ്ചായത്തുകളിൽ 52 എണ്ണം ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി തുക വിനിയോഗം. ഗ്രാമപഞ്ചായത്തുകൾ: തുമ്പമൺ- 29.73, നെടുമ്പ്രം-29.61, മലയാലപ്പുഴ-28.36, വെച്ചൂച്ചിറ-28.11, മല്ലപ്പള്ളി-25.45, കുന്നന്താനം-25.42, നാറാണംമൂഴി-24.32, മെഴുവേലി-22.82, കല്ലൂപ്പാറ-22.72, ചെന്നീർക്കര-22.07, പന്തളം തെക്കേക്കര-21.41, പുറമറ്റം-20.96, ഏഴംകുളം - 20.14, വള്ളിക്കോട്-19.33, കവിയൂർ-18.97, വടശേരിക്കര-18.32, റാന്നി-18.25, അരുവാപ്പുലം-17.94, പ്രമാടം-17.85, കോന്നി-17.76, കുറ്റൂർ-17.23, ചെറുകോൽ-16.96, കൊടുമൺ-16.56, റാന്നി-പഴവങ്ങാടി-16.28, കടപ്ര-16.14, കടമ്പനാട്-15.94, പള്ളിക്കൽ-15.62, കോയിപ്രം-15.48, മൈലപ്ര-15.45, അയിരൂർ-15.16, ആനിക്കാട്-15.14, തണ്ണിത്തോട്-14.80, റാന്നി-അങ്ങാടി-14.65, ഇരവിപേരൂർ-14.42, ഏനാദിമംഗലം-14.08, കുളനട-13.39, ഓമല്ലൂർ-13.03, തോട്ടപ്പുഴശേരി-12. 96, റാന്നി-പെരുനാട്-12.92, ആറന്മുള-12.83, പെരിങ്ങര-12.75, ചിറ്റാർ-12.54, കൊറ്റനാട്-12.51, കോഴഞ്ചേരി-12.34, കലഞ്ഞൂർ-11.84, സീതത്തോട്- 11.84, എഴുമറ്റൂർ-11.56, നിര

ണം–11.22, ഏറത്ത്–10.01, കോട്ടാങ്ങൽ–9.27, ഇലന്തൂർ–8.87, മല്ലപ്പുഴശേരി–7.47, നാരങ്ങാനം–6.33.

ബ്ലോക്ക് പഞ്ചായത്തുകൾ: റാന്നി–32.30, പുളിക്കീഴ്–30.86, പറക്കോട്–24.57, മല്ലപ്പള്ളി–23.33, കോന്നി–21.85, പന്തളം–17.93, കോയിപ്രം–12.73, ഇലന്തൂർ–11.45.

നഗരസഭകൾ: പന്തളം–26.46, തിരുവല്ല–24.57, പത്തനംതിട്ട–23.57, അടൂർ–17.58. ജില്ലാ പഞ്ചായത്ത്–28.99; (പിഎൻപി 1920/18)

## സ്പിൽ ഓവർ പദ്ധതികൾ ഇല്ലാതാകും – മന്ത്രി കെ.ടി.ജലീൽ

ഒരു സാമ്പത്തിക വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുക ആ വർഷം തന്നെ ചെലവഴിക്കുന്ന രീതി പ്രോത്സാഹിപ്പിക്കുന്നതിന് അടുത്ത സാമ്പത്തിക വർഷം മുതൽ സ്പിൽ ഓവർ പദ്ധതികൾ നിർത്തലാക്കുമെന്ന് തദ്ദേശഭരണ വകുപ്പ് മന്ത്രി കെ.ടി.ജലിൽ പറഞ്ഞു. തിരുവല്ല ബോധനയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക വിനിയോഗം സംബന്ധിച്ച അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഈ വർഷം കൂടി മാത്രമേ സ്പിൽ ഓവർ പദ്ധതികൾ അനുവദിക്കൂ. ധനകാര്യ കമ്മീഷനും സ്പിൽ ഓവർ പദ്ധതികൾ ഒഴിവാക്കണമെന്ന നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. മുൻകാലങ്ങളിൽ പദ്ധതി രൂപീകരണത്തിന് ഒൻപത് മാസം വരെ എടുത്തിരുന്നു. പലപ്പോഴും നിർവഹണം ആരംഭിക്കുന്നത് ഡിസംബർ മാസത്തിലാണ്. ഇതുകാരണം നാല് മാസം കൊണ്ട് പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നു. ഈ സാഹചര്യത്തിന് ഇപ്പോൾ മാറ്റമുണ്ടായിട്ടുണ്ട്. 2018–19 വർഷത്തെ പദ്ധതി രൂപീകരണ പ്രക്രിയ 2018 മാർച്ച് 31ന് മുമ്പ് ഭൂരിപക്ഷം തദ്ദേശഭരണ സ്ഥാപനങ്ങളിലും പൂർത്തിയാക്കാൻ കഴിഞ്ഞു. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ പദ്ധതിരൂപീകരണ പ്രക്രിയ പൂർത്തിയായതിനാൽ നിർവഹണത്തിന് 12 മാസം ലഭിക്കുന്ന സാഹചര്യം ഇപ്പോഴുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതികൾ നടപ്പാക്കാൻ കഴിയാതെ അടുത്ത വർഷത്തേക്ക് സ്പിൽ ഓവർ ആകില്ല. ഒരു സാമ്പത്തിക വർഷം നൽകുന്ന തുക ആ. സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അവർക്ക് ആശ്വാസമേകുന്നതിനും നൽകുന്ന തുക ചെലവഴിക്കാതെ അടുത്ത വർഷത്തേക്ക് മാറ്റി വയ്ക്കുന്നത് ആശാസ്യകരമല്ല. ഈ രീതിക്ക് മാറ്റം വരുത്തി ഒരു വർഷം നൽകുന്ന തുക ആ വർഷം തന്നെ ചെലവഴിക്കുന്ന സംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ട്. ഇന്ന് ലഭിക്കേണ്ട ആനുകൂല്യം ഒരു വർഷത്തിന് ശേഷം ലഭ്യമാക്കാം എന്ന് പറയുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്. സ്പിൽ ഓവർ പദ്ധതികൾ നിർത്തലാക്കുന്നതോടെ പദ്ധതികൾ അടുത്ത വർഷത്തേക്ക് മാറ്റി വയ്ക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവണതയും ഇല്ലാതാകുമെന്നും മന്ത്രി പറഞ്ഞു.

നഗരപ്രദേശങ്ങളിൽ നടപ്പാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജനയിൽ കേന്ദ്ര സർക്കാർ ഒരു വീടിന് 1.5 ലക്ഷം രൂപയാണ് നൽകുന്നത്. ഇതോടൊപ്പം സംസ്ഥാന സർക്കാർ 2.5 ലക്ഷം രൂപ കൂടി നൽകി നാല് ലക്ഷം രൂപയ്ക്കാണ് പിഎംഎവൈ അർബൻ ലൈഫ് എന്ന പേരിൽ ഈ പദ്ധതി നടപ്പാക്കുന്നത്. 1.5 ലക്ഷം രൂപയ്ക്ക് കേരളത്തിലെ സാഹചര്യത്തിൽ ചെറിയ ഒരു വീട് പോലും നിർമിക്കുവാൻ കഴിയില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ലൈഫ് മിഷനുമായി ബന്ധിപ്പിച്ച് കൂടുതൽ തുക നൽകി പിഎംഎവൈ പദ്ധതി നഗരപ്രദേശങ്ങളിൽ നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ജില്ല, ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിവിധ പദ്ധതികളിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കേണ്ടതുണ്ട്. ചില ഗ്രാമപഞ്ചായത്തുകൾ സമയത്ത് ഗുണഭോക്തൃ പട്ടിക ബ്ലോക്ക് പഞ്ചായത്തു

കൾക്കും ജില്ലാ പഞ്ചായത്തിനും നൽകാത്തതുമൂലം തുക വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ഇത് ഒഴിവാക്കുന്നതിനായി ഗുണഭോക്തൃ ലിസ്റ്റ് നൽകാത്ത ഗ്രാമപഞ്ചായത്തുകളെ ഒഴിവാക്കി പട്ടിക നൽകിയ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർബന്ധിത പ്രോജക്ടുകളായ ഗെയിംസ് ഫെസ്റ്റിവൽ, സംരംഭക ക്ലബ്, ഭിന്നശേഷി വിഭാഗക്കാരുടെ കലോത്സവം എന്നിവയ്ക്ക് തുക വകയിരുത്തണമെന്ന് മന്ത്രി പറഞ്ഞു. ഭിന്നശേഷിക്കാരുടെ കലോത്സവത്തിന് അഞ്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ മാത്രമാണ് പദ്ധതി തയാറാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ സാമൂഹ്യപ്രതിബദ്ധതയോടെ പ്രവർത്തിക്കുവാൻ പഞ്ചായത്തുകൾ തയാറാകണമെന്നും മന്ത്രി പറഞ്ഞു.

ജില്ലയിൽ കെഎസ്ഇബി, വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കേണ്ട പദ്ധതികളുടെ പുരോഗതി കഴിഞ്ഞ സാമ്പത്തിക വർഷം 40 ശതമാനം മാത്രമായിരുന്നു. ഡിപ്പോസിറ്റ് വർക്കുകളുടെ കാര്യത്തിൽ കെഎസ്ഇബിയും വാട്ടർ അതോറിറ്റിയും കാര്യക്ഷമമായ നടപടികൾ എടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ ജില്ലാ കളക്ടർ കെഎസ്ഇബിയുടെയും വാട്ടർ അതോറിറ്റിയുടെയും യോഗം അടിയന്തരമായി വിളിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും മന്ത്രി നിർദേശം നൽകി.

2017-18 വർഷം കെട്ടിട നികുതി പിരിവിൽ 100 ശതമാനം നേട്ടം കൈവരിച്ച അരുവാപ്പുലം, ഇലന്തൂർ, ചെന്നീർക്കര, കവിയൂർ, കൊടുമൺ, കുളനട, മെഴുവേലി, നെടുമ്പ്രം, തുമ്പമൺ, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തുകൾക്കും 2017-18 വാർഷിക പദ്ധതിയിൽ 100 ശതമാനം ചെലവ് കൈവരിച്ച ആനിക്കാട്, നാറാണംമൂഴി, അരുവാപ്പുലം, തുമ്പമൺ ഗ്രാമപഞ്ചായത്തുകൾക്കും കഴിഞ്ഞ സാമ്പത്തികവർഷത്തെ വാർഷിക പദ്ധതിയിൽ മികച്ച നേട്ടം കൈവരിച്ച പുളിക്കീഴ്, പറക്കോട്, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തകൾക്കും കഴിഞ്ഞ വാർഷിക പദ്ധതിയിൽ 80 ശതമാനത്തിലധികം നേട്ടം കൈവരിച്ച പത്തനംതിട്ട ജില്ലാ പഞ്ചായത്തിനും മന്ത്രി പ്രത്യേക ഉപഹാരങ്ങളും സർട്ടിഫിക്കറ്റുകളും ചടങ്ങിൽ വിതരണം ചെയ്തു. ജില്ലാ കളക്ടർ പി.ബി.നൂഹ്, ലൈഫ് മിഷൻ ഡെപ്യൂട്ടി സിഇഒ സാബുക്കുട്ടൻ നായർ, അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ പി.വിജയകുമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർ സോമസുന്ദരലാൽ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി ജി.കൃഷ്ണകുമാർ, ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി അഡ്വ.എൻ.രാജീവ്, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, ജില്ലാതല ഉദ്യോഗസ്ഥർ, തദ്ദേശഭരണ സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1921/18)

## പത്തനംതിട്ട - മംഗലാപുരം സൂപ്പർ ഡീലക്സ് സർവീസിന് തുടക്കമായി

കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ഡ്യൂട്ടി സംബന്ധിച്ച എല്ലാ പ്രശ്നങ്ങളും അപാകതകളും മുഖ്യമന്ത്രിയുടേയും ഗതാഗതമന്ത്രിയുടേയും കെ.എസ്.ആർ.ടി.സി എംഡിയുടേയും ശ്രദ്ധയിൽപ്പെടുത്തുമെന്ന് വീണാജോർജ്ജ് എംഎൽഎ പറഞ്ഞു. കെഎസ്ആർടിസിയുടെ പത്തനംതിട്ട - മംഗലാപുരം സൂപ്പർ ഡീലക്സ് സർവീസ് ഫ്ളാഗ് ഓഫ് ചെയ്ത് സംസാരിക്കുകയായിരുന്നു എം.എൽ.എ. തുടർച്ചയായുള്ള ജോലി ക്രമീകരണം തൊഴിലാളികളെ ഏറെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇക്കാര്യം വേഗത്തിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്നും എം.എൽ.എ പറഞ്ഞു. അടുത്ത ശബരിമല സീസണിന് മുമ്പായി കെ.എസ്.ആർ.ടി.സി സ്റ്റാൻഡിന്റെ പണി പൂർത്തിയാക്കുമെന്നും എം.എൽ.എ പറഞ്ഞു.

പത്തനംതിട്ട, കോഴഞ്ചേരി, തിരുവല്ല, കോട്ടയം, മൂവാറ്റുപുഴ, തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് വഴിയാണ് ബസ് മംഗലാപുരത്ത് എത്തുക. രണ്ട് ബസുകളാണ് പത്തനംതിട്ടയിൽ മംഗളുരുവിലേക്കും തിരിച്ചും സർവീസ് നടത്തുക. ഒരു ബസ് വൈകിട്ട് നാലിന് പത്തനംതിട്ടയിൽ നിന്ന് പുറപ്പെടുമ്പോൾ വൈകിട്ട് മൂന്നിന് മംഗളുരുവിൽ നിന്നും പത്തനംതി

ട്ടയിലേക്ക് രണ്ടാമത്തെ ബസ് സർവീസ് നടത്തും. റൂട്ട് സംബന്ധിച്ച് നിലനിന്നിരുന്ന അവ്യക്തത യായിരുന്നു സർവീസിന് കാലതാമസമുണ്ടാക്കിയത്. വീണ ജോർജ്ജ് എം.എൽ.എയുടെ ഇടപെടലാണ് ഇപ്പോൾ സർവീസ് തുടങ്ങാൻ കാരണമായത്. ബുക്കിംഗ് അനുസരിച്ച് പത്തനംതിട്ട ആറന്മുള വഴി മംഗലാപുരം എത്തുന്ന രീതിയിൽ ക്ഷേത്ര ദർശനത്തിന് പ്രാധാന്യം നൽകി റൂട്ടുകൾ പുനക്രമീകരിക്കാനും തീരുമാനമുണ്ട്.

പത്തനംതിട്ട കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിൽ നടന്ന ചടങ്ങിൽ മുനിസിപ്പൽ വൈസ് ചെയർമാൻ പി.കെ ജേക്കബ്, ഡിടിഒ ആർ.മനേഷ്, സോണൽ ഓഫീസർ ജി.ബാലമുരളി, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എ.അനിൽകുമാർ, രാഷ്ട്രീയ കക്ഷി പ്രതിനിധികളായ ഗിരീഷ് കുമാർ, മാത്യൂസ് ജോർജ്, നൗഷാദ് കണ്ണങ്കര, അബ്ദുൾ ഷുക്കൂർ, ഇക്ബാൽ അത്തിമൂട്ടിൽ, സാബു കണ്ണങ്കര, കുമാർ അഴൂർ, ഹരിദാസ് , കെ.എസ്.ആർ.ടി.സി ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1922/18)

## ഫോട്ടോ അടിക്കുറിപ്പ്

1) കൊടുമൺ മാർക്കറ്റിന്റെ ഉദ്ഘാടനം മന്ത്രി കെ.ടി.ജലീൽ നിർവഹിക്കുന്നു.
2) കെഎസ്ആർടിസിയുടെ പത്തനംതിട്ട-മംഗലാപുരം സൂപ്പർഡീലക്സ് സർവീസ് വീണാജോർജ് എംഎൽഎ ഫ്ളാഗ് ഓഫ്ചെയ്യുന്നു.
3) കെഎസ്ആർടിസിയുടെ പത്തനംതിട്ട-മംഗലാപുരം സൂപ്പർഡീലക്സ് സർവീസിൽ വീണാജോർജ് എംഎൽഎയും ജനപ്രതിനിധികളും
4) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിതുക വിനിയോഗം അവലോകനം ചെയ്യുന്നതിന് തിരുവല്ല ബോധനയിൽ ചേർന്ന യോഗത്തിൽ തദ്ദേശഭരണ വകുപ്പ് മന്ത്രി കെ.ടി.ജലീൽ സംസാരിക്കുന്നു.
5) 2017-18 വർഷം പദ്ധതി തുക വിനിയോഗത്തിൽ മികച്ച നേട്ടം കൈവരിച്ച് ജില്ലാ പഞ്ചായത്തിന് മന്ത്രി ഉപഹാരം നൽകുന്നു.






(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്